പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2672 | 17/6/2019 ൽ മറുപടിക്ക്

**ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ വികസനം**

ചോദ്യം | മറുപടി

ശ്രീ.സജി ചെറിയാൻ :

അഡ്വ .കെ.രാജു

(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയുടെ സമഗ്ര വികസനം ലക്ഷ്യം വച്ച് 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുമായി ബന്ധപ്പെട്ട് 02/02/2019ലെ ജി2/8/2019 നമ്പർ കത്തിലൂടെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മൃഗസംരക്ഷണ ഡയറക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ പുരോഗതി വ്യക്തമാക്കാമോ; | എ) | ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 02/02/2019ലെ ജി2/8/2019 നമ്പർ കത്തിലൂടെ കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മൃഗസംരക്ഷണ ഡയറക്ടർക്ക് നൽകിയ നിർദ്ദേശപ്രകാരം കേരളത്തിലെ മുഴുവൻ ഫാമുകളുടെ വികസനത്തിനായി വകുപ്പിന് ആകെ വകയിരുത്തിയ 6 കോടി രൂപയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് സെൻട്രൽ ഹാച്ചറി പ്രോഡക്ഷൻ മാനേജർക്ക് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ കത്ത് നൽകുകയുണ്ടായി. ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഉൾപ്പെടെ വിവിധ നിർമ്മാണ പ്രവർത്തികൾക്കായി 6,50,00,000/- (ആറര കോടി രൂപ മാത്രം) രൂപയുടെ പ്രോപ്പോസലാണ് പ്രോഡക്ഷൻ മാനേജർ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളത്. ഇത്രയും തുക ഒന്നിച്ച് നടപ്പുസാമ്പത്തിക വർഷം സെൻട്രൽ ഹാച്ചറി ക്ക് നൽകാനില്ലാത്തതുകൊണ്ട് ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനുമാത്രം പ്രോപ്പോസൽ നൽകുവാൻ മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പ്രോഡക്ഷൻ മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | പ്രസ്തുത ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കെട്ടിട നിർമ്മാണം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ബി) | പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ